"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- കൊല്ലം ജില്ലയിലെ കുളക്കട വെണ്ടാർ ഡി.വി.യു.പി. സ്കൂളിലെ പാർട്ട് ടൈം ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി ഹസീന ബീഗം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 26295/2021 മേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.941/2022/GEDN തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:-
1. ശ്രീമതി ഹസീന ബീഗം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 26295/2021 മേലുള്ള 23/11/2021 ലെ വിധിന്യായം
2. 24/01/2022 ലെ കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ DDEKLM/14424/2021-B2 നമ്പർ റിപ്പോർട്ട്.
3. 27/01/2022 ലെ കുളക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/1628/2021 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കുളക്കട വെണ്ടാർ ഡി . വി . യു . പി . സ്കൂളിലെ പാർട്ട്ടൈം ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി ഹസീന ബീഗം ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം . 26295/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായത്തിൽ ഹർജിക്കാരി , നാല് , അഞ്ച് എതിർകക്ഷികൾ എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P7 നിവേദനം 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം ഹർജിക്കാരിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 03/02/22 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന നേരിൽ കേട്ടു.

2. 5/6/2006 മുതൽ പാർട്ട്ടൈം ജൂനിയർ അറബിക് അദ്ധ്യാപികയായി ലഭിച്ച നിയമനം 01/06/2011 മുതൽ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ 05/06/2006 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ച് ശമ്പള ആനുകൂല്യങ്ങൾ അനുവദിക്കണമെന്നതാണ് Ext. P7 നിവേദനത്തിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും

അടിസ്ഥാനത്തിൽ പരിശോധിച്ച

4. 2006-2007 അധ്യയന വർഷത്തിൽ ടി സ്കൂളിലെ പ്രതീക്ഷിത അധിക ജൂനിയർ അറബിക് തസ്തികയിലാണ് ഹർജിക്കാരിയെ മാനേജർ 5/6/2006 മുതൽ നിയമിച്ചിട്ടുള്ളത്. 17/8/2005 ലെ G.O.(P) No. 317/2005/പൊ.വി.വ പ്രകാരം 2006-2007 മുതൽ അധിക തസ്തികയിലെ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച നൽകി. ഇതു സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീലുകൾ നിരസിക്കപ്പെട്ടു.

5. 2006-07 വർഷം മുതൽ 2009-10 വർഷം വരെ എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ നിലനിന്നിരുന്ന നിയമന നിരോധനം പിൻവലിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ ടി സ്കൂളിൽ വരുന്ന ഒഴിവുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാമെന്ന ബോണ്ട് അതത് സ്കൂൾ മാനേജർ സർക്കാരിന് സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ 2006-2007 വർഷം മുതൽ പ്രതീക്ഷിത അധിക തസ്തികകളിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമനതീയതി മുതൽ അംഗീകാരം നൽകാമെന്ന് 12/01/2010 ലെ 10/10 ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ഉത്തരവിനെതിരെ മാനേജർമാർ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽചെയ്യുകയും പ്രസ്തുത നിബന്ധനയ്ക്കെതിരെ സ്റ്റേ വാങ്ങുകയുമുണ്ടായി. ഈ സ്ഥിതി നിലനിൽക്കെ, ഇത്തരത്തിൽ നിയമിതരായ അധ്യാപകർ അവരുടെ നിയമനങ്ങൾ അംഗീകരിച്ച കിട്ടുന്നതിനായി കോടതിയെ സമീപിക്കുകയും അതതു മാനേജർമാർ 12/01/2010 ലെ ഉത്തരവ് പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കി (deeming provision ) 2006-07 വർഷം മുതൽ 2009-10 വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് അവരുടെ നിയമനതീയതി മുതൽ അംഗീകാരം നൽകുവാൻ വ്യത്യസ്തങ്ങളായ വിധിന്യായങ്ങളിലൂടെ നിർദ്ദേശം നൽകുകയുണ്ടായി. അത്തരം കേസുകളിൽ അവരവരുടെ നിയമനതീയതി മുതൽ അംഗീകാരം നൽകാൻ അതത് വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. Deeming provision അനുസരിച്ച് ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെക്കാൻ ബന്ധപ്പെട്ട മാനേജർമാർ ബാധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാതെ ഒഴിവുകൾ നികത്തിയാൽ ആയവയ്ക്ക് നിയമനാംഗീകാരം ലഭിക്കുകയില്ല.

6. 01/06/2011 മുതൽ അധ്യാപക പാക്കേജിൽ ഉൾപ്പെട്ട് നിയമനാംഗീകാരം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ മുൻകാല സർവ്വീസ് അംഗീകരിക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവുകളൊന്നും നിലവിലില്ല. ഈ വിഷയത്തിൽ ഫയൽ ചെയ്യുന്ന കേസുകളിലെ വിധിന്യായത്തിൽ 'deemed provision' പ്രകാരം നിയമനാംഗീകാരം നൽകാൻ നിർദ്ദേശിച്ചിട്ടുള്ള കേസുകളിലാണ് 10/10 ഉത്തരവിനെതിരെ മാനേജർമാർ ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ അന്തിമവിധിക്ക് വിധേയമായി

അംഗീകാരം നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുന്നത്. എന്നാൽ ഈ കേസിലെ വിധിന്യായത്തിൽ ബഹു. കോടതി ''deeming provision'' നിർദ്ദേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലെ ചട്ടപ്രകാരം 1/6/2011 ന മുൻപുള്ള ഹർജിക്കാരിയും മുൻകാല സർവ്വീസിന് അംഗീകാരം നൽകുവാൻ സാധിക്കുകയില്ല.

7. കൂടാതെ ഇപ്പോൾ സ്കൂളിന് അംഗീകൃത മാനേജർ ഇല്ലന്നും അദ്ദേഹം 20/08/2021 ൽ മരിച്ചുപോയിട്ടുള്ളതാണെന്നും ടി സ്കൂളിന്റെ മാനേജർ സ്ഥാനം തന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മകൾ, ശ്രീമതി ജി.എസ്. ഗിരിജ അറിയിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയിൽ 10/10 ഉത്തരവിനെതിരെ മാനേജർമാർ ഫയൽ ചെയ്തിട്ടുള്ള നിലവിലുള്ള സിവിൽ അപ്പീൽ നം. 3490/2016 ൽ തന്നെക്കൂടി കക്ഷിചേർക്കുന്നതിന് ഹർജി സമർപ്പിച്ചിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ 139184/2021, 139192/2021 നമ്പർ ഹർജികളിലെ 17/12/2021 ലെ ഉത്തരവിൽ ഡി.വി.യു.പി.എസ് വെണ്ടാർ-നെ, സംബന്ധിച്ചിട്ടുള്ള നടപടികളിൽ 'status quo' ഉത്തരവ് പാലിക്കാൻ ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുള്ള വിവരം ഉത്തരവിന്റെ പകർപ്പ് സഹിതം ടിയാരി അറിയിച്ചിട്ടുണ്ട്.

8. മേൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ Ext.P7 റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഇപ്രകാരം റിട്ട് ഹർജി നം. 26295/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം, തേവള്ളി- 691009

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുളക്കട, കൊല്ലം- 691521

ഹസീന ബീഗം.എൻ, അറബിക് ടീച്ചർ, ഡി.വി.യു.പി.സ്കൂൾ, വെണ്ടാർ, കുളക്കട, കൊല്ലം- 691507

മാനേജർ, ഡി.വി.യു.പി.സ്കൂൾ, വെണ്ടാർ, കുളക്കട, കൊല്ലം- 691507

ഹെഡ് മാസ്റ്റർ, ഡി.വി.യു.പി.സ്കൂൾ, വെണ്ടാർ, കുളക്കട, കൊല്ലം- 691507

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 19-02-2022 10:05:42**

സെക്ഷൻ ഓഫീസർ